**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2596** **06-10-2025-ൽ മറുപടിയ്ക്ക്**

**<u>ജി. എസ്. ടി. ഓഡിറ്റ് വിഭാഗം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ഡോ. എം. കെ. മുനീർ

ഡോ. എം. കെ. മുനീർ

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് പുതുതായി സ്ഥാപിതമായ ജി. എസ്. ടി. ഓഡിറ്റ് വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തു പുതുതായി രൂപീകൃതമായ ജി എസ് ടി ഓഡിറ്റ് വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ജില്ലാതല ഓഫീസുകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളിന്മേൽ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ലാ ജോയിന്റ് കമ്മീഷണർ സമർപ്പിച്ച ശുപാർശയിന്മേൽ വർക്കല ഓഡിറ്റ് ഡിവിഷൻ ഓഫീസ് വർക്കല മിനി സിവിൽസ്റ്റേഷനിലും , കാട്ടാക്കട ഓഡിറ്റ് ഡിവിഷൻ കാട്ടാക്കട സിവിൽസ്റ്റേഷനിലും, നെടുമങ്ങാട് ഓഡിറ്റ് ഡിവിഷൻ ഓഫീസ് (ഗവൺമെന്റ് അനുമതിയോടെ) സ്വകാര്യ കെട്ടിടത്തിലും പ്രവർത്തനാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ടി ഓഫീസുകൾ പ്രസ്തുത കെട്ടിടങ്ങളിൽ പ്രവർത്തിച്ച് വരുന്നു.

**(ബി)** ജി. എസ്. ടി. ഓഡിറ്റ് വിഭാഗത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലവിലുള്ള ഓഫീസുകളിൽ അതാതു ജില്ലാ ഓഫീസ് തലത്തിലും കമ്മീഷണറേറ്റ് തലത്തിലും നടപടി സ്വീകരിക്കുന്നുണ്ട്.

**(സി)** ഓഡിറ്റ് ഓഫീസുകളിൽ പഴയതും തകർന്നതുമായ ഫർണിച്ചറുകളുൾപ്പെടെ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലുള്ള കസേരകളും മേശകളുമാണ് ഉപയോഗിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** പുതുതായി രൂപീകൃതമായ ഓഡിറ്റ് ഓഫീസുകളിൽ പഴയ ഫർണിച്ചറുകളിൽ ഉപയോഗയോഗ്യമായവ ഉപയോഗിച്ച് വരുന്നുണ്ട്.

**(ഡി)** സംസ്ഥാന ജി. എസ്. ടി. വകുപ്പിൽ പുതുതായി രൂപീകരിച്ച ഓഡിറ്റ് വിഭാഗങ്ങൾക്കായി അത്യാവശ്യ ഫർണിച്ചർ വാങ്ങുന്നതിനായി സംസ്ഥാന ജി. എസ്. ടി. കമ്മീഷണർ ഏതെങ്കിലും നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഈ നിർദ്ദേശത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ കീഴിലുള്ള ആഡിറ്റ് വെർട്ടിക്കലിന് ഫർണിച്ചർ വാങ്ങുന്നതിന് 5475-00-800-80-(03)-pv Construction of GST Complex എന്ന ശീർഷകത്തിൽ ഭരണാനുമതി ലഭിക്കുന്നതിന് 26.04.2025-ലെ SGST/5618/2024-FIN3 നമ്പർ കത്ത് പ്രകാരം സംസ്ഥാന നികുതി കമ്മീഷണർ വർക്കിംഗ് ഗ്രൂപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ 13.05.2025-ലെ സ.ഉ.(സാധാ) നം.451/2025/നികുതി പ്രകാരം പ്രസ്തുത തുകയ്ക്കുള്ള അനുമതി "cost of expenditure for shifting SGST Intelligence and Audit Offices into independent buildings (Cost including all infrastructure requirements and allied works in relation with the shifting of offices.)" എന്ന component -ന് ആണ് ലഭിച്ചിരുന്നത്. ആയതിനാൽ പ്രസ്തുത ഫർണിച്ചറുകൾ ലഭ്യമാക്കേണ്ട അടിയന്തര സാഹചര്യം കണക്കിലെടുത്ത്, 5475-00-800-80-(03)-pv എന്ന ശീർഷകത്തിൽ cost of expenditure for shifting SGST Intelligence and Audit Offices into independent buildings. (Cost including all infrastructure requirements and allied works in relation with the shifting of offices ) എന്ന കമ്പോണന്റിൽ ഉൾപ്പെടുത്തി ഫർണിച്ചർ വാങ്ങുന്നതിനുള്ള ഭരണാനുമതിയും ധനവ്യയ അനുമതിയും അനുവദിക്കണമെന്ന സംസ്ഥാന നികുതി കമ്മീഷണറുടെ കത്തിന്റെ അടിസ്ഥാനത്തിൽ 13-05-2025 -ലെ G.O(Rt)451/2025/TAXES നമ്പർ ഭരണാനുമതി ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള cost of expenditure for shifting SGST Intelligence and Audit Offices into independent buildings. (Cost including all infrastructure requirements and allied works in relation with the shifting of offices) എന്ന ഘടകത്തിൽ ഉൾപ്പെട്ടിട്ടുള്ള 44.71 ലക്ഷം രൂപ ഉപയോഗിച്ച് ഫർണിച്ചർ വാങ്ങുന്നതിന് വ്യയ നിയന്ത്രണ ഉത്തരവിൽ ഇളവ് നൽകി 05.11.2025-ലെ സ.ഉ.(സാധാ) നം.991/2025/ നികുതി പ്രകാരം അനുമതിയുത്തരവ് പുറപ്പെടുവിച്ചിരുന്നു.

**(ഇ)** സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി കാരണം ഫർണിച്ചർ സംഭരണത്തിന് ധനകാര്യവകുപ്പ് എതിർപ്പ് ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർദ്ദിഷ്ട ആശങ്കകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഇല്ല.

**(എഫ്)** ഓഡിറ്റ് വിഭാഗങ്ങൾക്കായി അത്യാവശ്യ ഫർണിച്ചർ വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകാൻ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** ഇല്ല.

**സെക്ഷൻ ഓഫീസർ**